# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യംനമ്പർ : 2127

19.06.2012-ൽ
മറുപടിക്ക്.

**'എമർജിംഗ് കേരള' പരസ്യ ചെലവ്**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും<br>വകുപ്പുമന്ത്രി) |
| (എ) എമർജിംഗ് കേരളയുമായി ബന്ധപ്പെട്ടുള്ള പരസ്യത്തിലേക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നുള്ള വിവരം ഇനം തിരിച്ച് വ്യക്തമാക്കുമോ; | (എ) എമർജിംഗ് കേരള 2012 മായി ബന്ധപ്പെട്ടുള്ള പരസ്യങ്ങൾക്കായി. ഈ സംഗമത്തിന്റെ നടത്തിപ്പിനുള്ള നോഡൽ ഏജൻസിയായ കെ.എസ്.ഐ.ഡി.സി ഏകദേശം 138.75 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) ഇതുമായി ബന്ധപ്പെട്ട് എത്ര റോഡ്ഷോകൾ നടത്തിയിട്ടുണ്ട്; ആയതിലേക്ക് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നറിയിക്കുമോ; | (ബി) എമർജിംഗ് കേരള 2012- ന്റെ ഭാഗമായി കെ.എസ്.ഐ.ഡി.സി ഇതിനകം രണ്ട് റോഡ് ഷോകൾ നടത്തുകയുണ്ടായി. ഡൽഹിയിൽ നയതന്ത്രജ്ഞരുമായി നടത്തിയ ബിസിനസ്സ് മീറ്റിംഗും തുടർന്ന് നടന്ന റോഡ് ഷോക്കുമായി ഏകദേശം 25.24 ലക്ഷം രൂപയും 15.05.2012 ൽ മുംബൈയിൽ നടത്തിയ ബിസിനസ്സ് മീറ്റിന് ഏകദേശം 18 ലക്ഷം രൂപയും ചെലവായി. |
| (സി) കൊച്ചിയിൽ വച്ച് നടത്തുവാനിരിക്കുന്ന 'എമർജിംഗ് കേരള 2012 'മായി ബന്ധപ്പെട്ട് മുംബൈയിൽ വച്ച് നടന്ന ചർച്ചയിൽ എത്ര വ്യവസായ ഗ്രൂപ്പുകൾ പങ്കെടുത്തുവെന്നതിന്റെ ലിസ്റ്റ് ലഭ്യമാക്കുമോ? | (സി) എമർജിംഗ് കേരളയുമായി ബന്ധപ്പെട്ട് മുബൈയിൽ നടന്ന ബിസിനസ്സ് മീറ്റിൽ പ്രമുഖ വ്യവസായ ഗ്രൂപ്പുകളായ റ്റാറ്റ, ബിർള ഹിന്ദുജ, മഹീന്ദ്ര & മഹീന്ദ്ര, കോട്ടക്, വെൽസ്പൺ, ജെ&ജെ, ഒസ്വാൾ ഇൻഡസ്ട്രീസ്, യുണൈറ്റഡ് ഫോസ്ഫറസ്, റോൾട്ടാ, ബി.പി.സി.എൽ, മാരികോ തുടങ്ങിയവരുടെ പ്രതിനിധികൾ പങ്കെടുത്തു. |

സെക്ഷൻ ഓഫീസർ